# D.A.M.U.P. SCHOOL
## MUTTAPPALLY



# അക്കാദമിക മാസ്റ്റർ പ്ലാൻ
# വിദ്യാജാലകം
# 2025 – 26



ഡോ. ബി. ആർ. അംബേദ്കർ



**സ്ഥാപക മാനേജർ**

## ശ്രീമാൻ പുള്ളോലിൽ ചെമ്പൻ അവർകൾ

# ആമുഖം

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി വില്ലേജിൽ മുട്ടപ്പള്ളിയിൽ സ്ഥിതി ചെയ്യുന്ന ഡോക്ടർ അംബേദ്കർ മെമ്മോറിയൽ യു. പി. സ്കൂൾ.

കേരളത്തിന്റെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ പരിണാമ പ്രക്രിയയിൽ വിദ്യാഭ്യാസം ചെയ്യുക, സംഘടിക്കുക, സമരം ചെയ്യുക എന്ന ആഹ്വാനം ചെയ്ത മഹാനായ രാഷ്ട്രശില്പി ഡോക്ടർ ബി ആർ അംബേദ്കറുടെ പേരിൽ ഒരു സ്കൂൾ സ്ഥാപിക്കാൻ നിരക്ഷരനും ക്രാന്തദർശിയുമായ ശ്രീമാൻ പുള്ളോലിൽ ചെമ്പൻ അവർകൾ 1964 ൽ ത്യാഗപൂർവ്വം തൻറെ സമ്പാദ്യം മുഴുവൻ ചെലവഴിച്ച് നാടിന്റെയും സമൂഹത്തിന്റെയും നന്മയ്ക്കായി ഈ സ്കൂൾ സ്ഥാപിച്ചു.

1950 കളോടെ മുട്ടപ്പള്ളി പ്രദേശത്ത് വനം വെട്ടിത്തെളിച്ച് താമസം ഉറപ്പിച്ച ദളിതുകൾക്കും പിന്നീട് വന്ന മറ്റിതര സമുദായങ്ങൾക്കും സാമൂഹികവും സാംസ്കാരികവുമായ പുരോഗതിക്കു വിദ്യാഭ്യാസം അനിവാര്യമാണെന്നുള്ള തിരിച്ചറിവാണ് അദ്ദേഹത്തെ ഇതിന് പ്രേരിപ്പിച്ചത്. മറ്റേതൊരു ഗ്രാമത്തിൽ നിന്നും ഭിന്നമായി സാമൂഹിക ചിന്തയിലും സാംസ്കാരിക ഉന്നതിയിലും മുട്ടപ്പള്ളി പ്രദേശത്തെ വ്യത്യസ്തമാക്കുന്നതിൽ ഈ സ്ഥാപനം വഹിക്കുന്ന പങ്ക് സ്മരണീയമാണ്.

രാജ്യത്തിന് അഭിമാനമായ ഒട്ടനവധി വ്യക്തിത്വങ്ങളെ സംഭാവന ചെയ്യുന്നതിന് ഈ വിദ്യാ കേന്ദ്രത്തിന് കഴിഞ്ഞിട്ടുണ്ട്. മുട്ടപ്പള്ളിയിലും,സമീപപ്രദേശങ്ങളായ,പാണപിലാവ്,എരുത്വാപുഴ,കണമല,തുമരംപാറ,പനക്കവയൽ,മുക്കൂട്ടുതറ,ചാത്തൻതറ തുടങ്ങിയ സ്ഥലങ്ങളിൽ തുടർ വിദ്യാഭ്യാസത്തിനു

സൗകര്യമില്ലാതിരുന്ന കാലത്താണ് ഈ സ്കൂൾ ചരിത്രത്തിൽ അതിന്റേതായ സ്ഥാനം നിർണയിച്ചുകൊണ്ട് സ്ഥാപിതമായത്.

35 കുട്ടികളും പ്രധാന അധ്യാപകനായ സി. റ്റി മത്തായിയോടൊപ്പം സഹാഅധ്യാപകരായി കെ. ഐ മത്തായിയും ശാരദ ടീച്ചറും ആയി 1964 ൽ ഈ വിദ്യാലയത്തിന്റെ പ്രവർത്തനം ആരംഭിച്ചു.5,6,7 എന്നീ ക്ലാസുകളിലായി 3 വീതം ഡിവിഷനുകളോടെ 13 അധ്യാപകരുമായി നല്ല രീതിയിൽ പ്രവർത്തിച്ചു വന്നിരുന്നു. അൺ എയ്ഡഡ് സ്കൂളുകളുടെ അതിപ്രസരവും കുട്ടികളുടെ ആനുപാതികമായ കുറവും നമ്മുടെ സ്കൂളിന്റെ വളർച്ചയെയും ബാധിച്ചു.

നിലവിൽ 3 ക്ലാസുകളിലായി 49 കുട്ടികളും 5 അധ്യാപകരുമായി പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനം നിരവധി മികവാർന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നു. വിവരവിനിമയ സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള പഠന പ്രവർത്തനങ്ങൾ പരിമിതമായ സൗകര്യങ്ങളിൽ നടത്തുന്നു. USS, സംസ്കൃത സ്കോളർഷിപ്പ്, സുഗമ ഹിന്ദി മുതലായ മത്സര പരീക്ഷകളിലും ഗണിത, സാമൂഹ്യശാസ്ത്ര, ശാസ്ത്ര വിഷയങ്ങളിലെ ക്വിസ് മത്സരങ്ങളിലും കുട്ടികളെ പങ്കെടുപ്പിച്ചു നിരവധി സമ്മാനങ്ങൾ നേടാറുണ്ട്.

സ്കൂൾ പ്രവർത്തനങ്ങൾക്ക് നിരവധി പോരായ്മകൾ അനുഭവപ്പെടുന്നു. നവീന രീതിയിലുള്ള സ്കൂൾ കെട്ടിടങ്ങൾ, കളിസ്ഥലം, ലൈബ്രറി, കമ്പ്യൂട്ടറുകളും കമ്പ്യൂട്ടർ ലാബും, ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിത ലാബുകൾ, ചുറ്റുമതിലുകൾ മുതലായവ അനിവാര്യമാണ്. അന്താരാഷ്ട്ര ഗുണനിലവാരത്തിലുള്ള ആധുനിക സൗകര്യങ്ങളോടെയുള്ള ഒരു വിദ്യാലയമാണ് ഞങ്ങളുടെ സ്വപ്നം. അതിലേക്കായി 5 സ്മാർട്ട് ക്ലാസ്സ് റൂമുകൾ, എല്ലാ ഭാഷകൾക്കും വ്യത്യസ്ത ലൈബ്രറികൾ, ശാസ്ത്ര -സാമൂഹ്യശാസ്ത്ര - ഗണിത ലാബുകൾ, ചുറ്റമതിലോടു കൂടിയ കളിസ്ഥലം , മുതലായവ ഞങ്ങൾക്ക് ആവശ്യമുണ്ട്.

വിദ്യാലയവും സമീപപ്രദേശങ്ങളും പരിസ്ഥിതി സൗഹൃദമായി തന്നെ കാത്തുസൂക്ഷിക്കുന്നു. അധ്യാപകരുടെയും കുട്ടികളുടെയും നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരുന്നു.

പോഷാഹാര വിതരണം കുറ്റമറ്റ രീതിയിൽ നടന്നുവരുന്നു. മെച്ചപ്പെട്ട പാചകശാല ഗവൺമെൻറ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. കുടിവെള്ളത്തിനായി കിണർ സൗകര്യം ഉപയോഗിക്കുന്നു. വിവിധ പ്രദേശങ്ങളിലേക്ക് കുട്ടികൾക്ക് സൗജന്യ യാത്ര സൗകര്യം തുടർന്നുവരുന്നു.

# ഉള്ളടക്കം


1. ആമുഖം
2. അക്കാദമിക മാസ്റ്റർപ്ലാനിന്റെ പൊതുലക്ഷ്യങ്ങൾ
3. തനതു പ്രവർത്തനം
4. ഭാഷാവിഷയങ്ങൾ
6. കലാ, കായിക, ആരോഗ്യ, പ്രവർത്തിപരിചയം

# അക്കാദമിക മാസ്റ്റർപ്ലാനിന്റെ പൊതുലക്ഷ്യങ്ങൾ

- സ്കൂളിലെ മുഴുവൻ കുട്ടികൾക്കും അതതു ക്ലാസിൽ നേടേണ്ട പഠനശേഷികൾ നേടും എന്ന് ഉറപ്പു വരുത്തും.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവുമായ കഴിവ് പ്രോത്സാഹിപ്പിച്ച് സംസ്ഥാന അന്തർദ്ദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, അറബി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പു വരുത്തും.
- എല്ലാ കുട്ടികളിലും ചതുഷ്ക്രിയകളുടെ അവബോധം ഉണ്ടാക്കും.
- ഒരു ജനാധിപത്യ സമൂഹം പ്രതീക്ഷിക്കുന്ന മൂല്യങ്ങളും നിലപാടുകളും അറിവിന്റെ പ്രയോഗശേഷിയും പ്രതികരണ ശേഷിയും പെരുമാറ്റ രീതികളും കുട്ടികളിൽ ആർജ്ജിച്ചെടുക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ രൂപവത്കരിക്കും.
- തനതു പ്രവർത്തനമായി നടത്തി വരുന്ന യോഗയിലൂടെ ഒരു ഗ്രാമത്തിലെ മുഴുവൻ ജനതയേയും ആരോഗ്യമുള്ളവരാക്കിത്തീർക്കും.
- അന്യം നിന്നു പോകുന്ന ഈറ, മുള ഉത്പന്നങ്ങളുടെ നിർമ്മാണത്തെ പുനരുജ്ജീവിപ്പിക്കും
- സ്കൂളിലെ മുഴുവൻ കുട്ടികൾക്കും രക്ഷിതാക്കൾക്കും ഇ - ലേണിംഗ് പരിശീലനം സാധ്യമാക്കും.

## തനതുപ്രവർത്തനം - യോഗ

കുട്ടികളിൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി പെരുമാറ്റ രീതികളും ആരോഗ്യശീലങ്ങളും വളർത്തിയെടുക്കുന്നതിന് യോഗ ഒരു തനതു പ്രവർത്തനമായി കഴിഞ്ഞ കുറേ വർഷങ്ങളായി നടന്നു വരുന്നു. ഇതിലൂടെ കുട്ടികളിൽ അന്തർലീനമായിരിക്കുന്ന കഴിവുകൾ കണ്ടെത്തി മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുവാൻ ഈ വിദ്യാലയത്തിന് സാധിക്കുന്നു. തുടർ പ്രവർത്തനങ്ങളായി ഗ്രാമങ്ങളിൽ ആരോഗ്യ സർവ്വേ നടത്തി ലിസ്റ്റ് ചെയ്യുന്നു. യോഗയുടെ പ്രാധാന്യത്തെക്കുറിച്ച് സമൂഹത്തിന് ബോധ്യപ്പെടുത്തുന്നതിനായി അയൽക്കൂട്ടങ്ങൾ, കുടുംബശ്രീകൾ, വായനശാലകൾ മുതലായവ കേന്ദ്രീകരിച്ച് സെമിനാറുകളും ബോധവത്കരണ ക്ലാസ്സുകളും നടത്തുന്നു. രക്ഷകർത്താക്കൾക്കും തത്പരരായ ഗ്രാമവാസികൾക്കും സൗജന്യ യോഗാക്ലാസ്സുകൾ നടന്നു വരുന്നു. അന്താരാഷ്ട്ര യോഗാദിനം ആചരിക്കുന്നു. വിവിധ യോഗാമത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു. യോഗാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഈ പ്രവർത്തനങ്ങളിലൂടെ മുട്ടപ്പള്ളി ഗ്രാമത്തെ സമ്പൂർണ്ണ യോഗാഗ്രാമം ആക്കുക എന്ന ലക്ഷ്യം ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്നു.

മലയോരമേഖലയായ മുട്ടപ്പള്ളി പരമ്പരാഗത കൈത്തൊഴിൽ കേന്ദ്രമായിരുന്നു. മുള, ഈറ ഉത്പന്നങ്ങൾ നിർമ്മിച്ച് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ മുക്കൂട്ടുതറ ചന്ത കേന്ദ്രീകരിച്ച് വിപണനം നടത്തിയിരുന്നു. കാലാനുസൃതമായ ആധുനികവത്കരണത്തിന്റെ ഭാഗമായി റബ്ബറിന്റെയും പ്ലാസ്റ്റിക്ക് ഉത്പന്നങ്ങളുടെയും കടന്നുകയറ്റം ഈ മേഖലയെയും നശിപ്പിച്ചു. ഇതിൽ നിന്നും പാഠമുൾക്കൊണ്ടുകൊണ്ട് പ്രകൃതിയിലേക്കു മടങ്ങുക എന്ന ലക്ഷ്യവുമായി ഈറ, മുള ഉത്പന്നങ്ങളുടെ നിർമ്മാണ പരിശീലനം നടന്നുവരുന്നു. ഇതിന്റെ ഭാഗമായി മുട്ടപ്പള്ളി ഗ്രാമത്തിലെ പരമ്പരാഗത കൈത്തൊഴിലാളികളെ കണ്ടെത്തി അവരെ ആദരിച്ച്, കുട്ടികൾക്ക് പരിശീലനം നൽകുവാൻ അവരുടെ സഹായസഹകരണങ്ങൾ ലഭ്യമാക്കുന്നു. വർഷത്തിലൊരിക്കൽ ഇങ്ങനെയുള്ള ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവും ലക്ഷ്യം വയ്ക്കുന്നു.

അന്യം നിന്നുപോകുന്ന നാടൻ വിഭവങ്ങൾ ഉൾപ്പെടുത്തി ജൈവ ഭക്ഷ്യമേളകൾ സംഘടിപ്പിക്കുകയും കുട്ടികൾക്കു വേണ്ട പരിശീലനങ്ങളും സഹായങ്ങളും PTA, MPTA അംഗങ്ങൾ ഉൾപ്പെട്ട പാചകവിദഗ്ദ്ധരുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

# മേഖല - അക്കാദമികം

## ഉപമേഖല - മലയാളം

### ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം, എഴുത്ത് കൂട്ടം
- അമ്മ വായന
- ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം
- ക്ലാസ്സ് സഭ, സ്കൂൾ സഭ, ബാലസഭ
- മലയാളത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ദ്ധ്യം നേടുക
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക
- ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയുടെ വായന എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക.
- സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ
- ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കുക.

## അക്കാദമികപ്രവർത്തനങ്ങൾ

| കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രി - ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>അടയാളം ഉറപ്പിക്കൽ<br>അക്ഷരകാർഡ് നൽകൽ<br>വാക്കുകൾ എഴുതിയ കാർഡ്<br>വാക്കുകൾ നിർമ്മിക്കുക<br>വാക്യങ്ങൾ നിർമ്മിക്കുക<br>ചിത്രം - അടിക്കുറിപ്പ്<br>ചിത്രം - കഥ പറയൽ<br>ചിത്രം - കഥ എഴുതൽ<br>കഥ - ബാക്കി എഴുതൽ<br>കഥാപുസ്തകം നൽകൽ<br>CD യിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | ഹ്രസ്വ കാലം | പുസ്തകങ്ങൾ, സി.ഡി. | BRC<br>DIET<br>SCERT<br>PTA<br><br>BRC<br>IED Trainer,<br>PTA |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായന കൂട്ടം) | ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>വായനാമൂല, ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ | മധ്യ കാലം | ക്ലാസ്സ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി | BRC<br>DIET<br>SCERT<br>PTA |

| | | | | |
|---|---|---|---|---|
| | സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>സമീപ ഗ്രന്ഥശാലയിൽ അംഗത്വം | | ഗ്രന്ഥശാല | ഗ്രന്ഥശാല |
| | വായനോത്സവം സംഘടിപ്പിക്കൽ<br>പത്രവായന | | പത്രങ്ങൾ | |
| | അമ്മ വായന<br>പുസ്തക ചർച്ച<br>വായനാനുഭവം പങ്കുവയ്ക്കൽ<br>വായനാക്കുറിപ്പ്<br>വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>ക്ലാസ് സഭ<br>സ്കൂൾ സഭ, ബാലസഭ<br>ദിനാചരണങ്ങൾ<br>സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | | ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനാമുറി | |
| | ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>ആസ്വാദകരമായ വായന<br>വായനാസാമഗ്രികൾ | | ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | BRC |

| | | | | |
|---|---|---|---|---|
| | വികസിപ്പിക്കൽ<br>ഇ - വായന<br>പുസ്തകം ഒരുക്കൽ,<br>യു. പി. വായന<br>വായനക്കൂട്ടം മോണിറ്ററിംഗ് | | | |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | എഴുത്തുകൂട്ട രൂപീകരണം<br>പുസ്തക ചർച്ച<br>ക്ലാസ്സ് ലൈബ്രറി<br>വായനക്കുറിപ്പ് പതിപ്പ്<br>സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ്, പുസ്തകം<br>വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>ഇൻലന്റ് മാഗസിൻ, ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>ആശയാവിഷ്കരണം<br>തിരക്കഥ തയ്യാറാക്കൽ<br>ബാലസഭ<br>പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>ഭാഷാ പ്രൊജക്റ്റ് | 6 മാസം<br>2019-20 | ലൈബ്രറി പുസ്തകങ്ങൾ<br>ജീവചരിത്ര പുസ്തകങ്ങൾ,<br>ഗ്രന്ഥശാല ഫോട്ടോകൾ,<br>പുസ്തകങ്ങൾ | BRC<br>DIET<br>BRC<br>PTA<br>Teachers<br>ജനപ്രതിനിധികൾ |

| | | | | |
|---|---|---|---|---|
| | സാഹിത്യകാരന്മാരുമായുള്ള<br>അഭിമുഖം<br>രചയിതാക്കളെ പരിചയപ്പെ<br>ടൽ<br>സാഹിത്യ സാംസ്കാരിക<br>ചിന്താഗ്യാലറി | | | |

## ഉപമേഖല - ഇംഗ്ലീഷ്

### ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഭാഷാപഠനത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക
- ഇംഗ്ലീഷ് ഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക
- ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനും കേട്ട് മനസ്സിലാക്കുവാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക
- ലോകഭാഷയെന്ന നിലയിൽ വായനയിലൂടെ അറിവ് സ്വാംശീകരിക്കുന്നതിനുള്ള ഉപാധിയെന്ന നിലയിൽ ഇംഗ്ലീഷ് ഭാഷയിൽ കഴിവു നേടുക
- മികച്ച വായനാശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുക.

# അക്കാദമിക പ്രവർത്തനങ്ങൾ

| കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| English Assembly | ആഴ്ചയിൽ 2 ദിവസം ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു (Pledge, Thought for the day, Quotes of great leaders, News reading tc.) | ഹ്രസ്വ കാല പരിപാടി | Subject Teacher HM | |
| Story Books വിതരണം | സ്റ്റോറി ബുക്ക്സ് വായിച്ച് കഥ പറയുന്നു. | ഹ്രസ്വ കാല പരിപാടി | ലൈബ്രറി | |
| ജീവിതരേഖ തയ്യാറാക്കൽ | മഹാന്മാരുടെ ജീവചരിത്രങ്ങൾ വായിച്ച് ജീവിതരേഖ തയ്യാറാക്കുന്നു | ഹ്രസ്വ കാല പരിപാടി | ലൈബ്രറി | |
| റിപ്പോർട്ട് തയ്യാറാക്കൽ | പത്രവാർത്തകൾ പോലുള്ളവ തയ്യാറാക്കുന്നു | ഹ്രസ്വ കാലം | | |
| ആശംസാ കാർഡുകൾ തയ്യാറാക്കൽ | വിവിധ തരത്തിലുള്ള സന്ദേശങ്ങൾ കൈമാറുന്നതിന് ആവശ്യമായ കാർഡുകൾ നിർമ്മിക്കുന്നു. | ഹ്രസ്വ കാലം | English Teacher | |
| Letter Writing | Formal Letters, Informal Letters | മധ്യ കാലം | | |

| | | | | |
|---|---|---|---|---|
| Debate | പാഠഭാഗവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഡിബേറ്റ് നടത്തുന്നു. | Long term | HM<br>English<br>Teacher<br>PTA | |
| മാഗസിൻ നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ടു തയ്യാറാക്കുന്ന പോർട്ട്ഫോളിയോയിൽ ചേർത്തു വർഷാന്ത്യം മാഗസിൻ തയ്യാറാക്കുന്നു. | Long term | HM<br>English<br>Teacher<br>PTA | |
| Creative writing (Talent lab) | വിവിധ വീഡിയോ പ്രദർശനങ്ങൾ നടത്തി കഥ പൂർത്തീകരണം ആവശ്യപ്പെടുന്നു. എഴുത്തിലും വായനയിലും താത്പര്യമുള്ള കുട്ടികൾക്ക് സ്വന്തമായി എഴുതാനുള്ള കഴിവും വികസിക്കുന്നു. | | | |
| Studio Floor (ICT) | Smart class room, English news reading. TV Programmes മുതലായവ കുട്ടികളെ പരിചയപ്പെടുത്തുന്നു. | Long term | | IT മേഖലയിലെ വിദഗ്ദ്ധർ, പ്രവാസികൾ |

## ഉപമേഖല - ഹിന്ദി

### ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുന്നു.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുന്നു.
- ഹിന്ദി ഭാഷാപഠനം രസകരവും ലളിതവും ആകർഷകവുമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നു.
- ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് ഭാഷയോടുള്ള സ്നേഹവും ദേശസ്നേഹവും വളർത്തി എടുക്കുന്നു.

# അക്കാദമിക പ്രവർത്തനങ്ങൾ

| കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഹിന്ദി അക്ഷര ബോധം ഉറപ്പിക്കുക | കവിതാലാപനത്തിലൂടെ അക്ഷരങ്ങൾ മനസ്സിലാക്കിക്കുന്നു പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്കു അക്ഷരചാർട്ടുകളിലൂടെ അക്ഷരങ്ങൾ പരിചയപ്പെടുത്തുന്നു. | മധ്യ കാലം | ICT പുസ്തകങ്ങൾ, ഹിന്ദി ടീച്ചർ<br>ചാർട്ടുകൾ, കമ്പ്യൂട്ടർ | |
| തിരിച്ചറിയൽ കാർഡ് നിർമ്മാണം | 5 – 7 വരെയുള്ള കുട്ടികളുടെ കാർഡ് തിരിച്ചറിയൽ നിർമ്മിക്കുന്നു | ഹ്രസ്വം | | |
| ഹിന്ദി അസംബ്ലി | ആഴ്ചയിൽ ഒരിക്കൽ ഹിന്ദി അസംബ്ലി നടത്തുന്നു (പ്രതിജ്ഞ, പത്രവായന, ചിന്താവിഷയം, പുസ്തകവായന മുതലായവ ഉൾപ്പെടുത്തി ഹിന്ദി അന്തരീക്ഷം സംജാതമാക്കുന്നു) | ഹ്രസ്വം<br>2019-20 | ഹിന്ദി ടീച്ചർ | |
| ദിനാചരണം | ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ ദിനാചരണങ്ങൾ ക്ലാസ് റൂം പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് നടത്തുന്നു | ഹ്രസ്വം<br>2019-20 | ഹിന്ദി ടീച്ചർ | |

| | | | | |
|---|---|---|---|---|
| ആശംസാ കാർഡ് നിർമ്മാണം | ജന്മദിനം, അദ്ധ്യാപക ദിനം, ഹിന്ദി ദിനം മുതലായ അവ സരങ്ങളിൽ ഓരോ കുട്ടിയും കാർഡുകൾ നിർമ്മിക്കുന്നു. | ഹ്രസ്വം | PTA പൂർവ്വ വിദ്യാർത്ഥി കൾ | |
| ഹിന്ദി ലൈബ്രറി ശാക്തീകരണം | ഓരോ ക്ലാസിലും കുട്ടിക ളുടെ നിലവാരമനുസരിച്ച് പുസ്തകങ്ങൾ ശേഖരിച്ച് വായന ഉറപ്പാക്കി കുറിപ്പുകൾ എഴുതുന്നു. | ദീർഘ കാലം | PTA HM ഹിന്ദി ടീച്ചർ | SSA പൂർവ്വ വിദ്യാർത്ഥി കൾ |
| എന്റെ ഹിന്ദി ബുക്ക് | ഓരോ കുട്ടികളും അവരുടെ സ്വന്തം ഹിന്ദി ബുക്ക് കുട്ടി കൾ ഇഷ്ടപ്പെട്ട പേര് നൽകുന്നു, പോർട്ട് ഫോളി യോആയി ഉപയോഗിക്കാം. കുട്ടി ശേഖരിക്കുന്ന ഹിന്ദിയു മായി ബന്ധമുള്ള എല്ലാ വിഭ വങ്ങളും രേഖപ്പെടുത്തുന്നു. | ദീർഘ കാലം | ഹിന്ദി ടീച്ചർ | |
| ഹിന്ദി പ്രശ്നോ ത്തരി | ആഴ്ച തോറും പ്രശ്നോ ത്തരി സംഘടിപ്പിച്ച് സമ്മാന ങ്ങൾ നൽകുന്നു. | ഹ്രസ്വ കാലം | | |
| ഹിന്ദി ടാലന്റ് ലൈബ്രറി | പ്രതിഭകളായുള്ള കുട്ടികൾക്ക് അധികപ്രവർത്തനങ്ങൾ നൽകുന്നു (പാഠപുസ്തക ത്തിലെ കവിതകളുടെ സമാ | മധ്യകാല പ്രവർ ത്തനം | | സമീപ പ്രദേശ ത്തുള്ള ഗായകർ |

| | | | | |
|---|---|---|---|---|
| | നരൂപത്തിലുള്ള കവിത കണ്ടെത്തുക സിനിമകൾ കണ്ട്അഭിനേതാക്കളെ അനുകരിക്കൽ, ഉള്ളടക്കം കഥയായി അവതരിപ്പിക്കൽ) | | | |
| Spoken Hindi ICT ഉപയോഗിച്ച് | വ്യത്യസ്ത രീതിയിലുള്ള സംഭാഷണങ്ങളുടെ ഓഡിയോ/വീഡിയോ കുട്ടികളെ മൊബൈൽ/കമ്പ്യൂട്ടർ ഉപയോഗിച്ച് കേൾപ്പിക്കുന്നു. | ദീർഘകാലം | ഹിന്ദി ടീച്ചർ | |

## ഉപമേഖല - സംസ്കൃതം

### ലക്ഷ്യങ്ങൾ

- സംസ്കൃത അക്ഷരബോധം സൃഷ്ടിക്കുന്നു
- എല്ലാ കുട്ടികൾക്കും സംസ്കൃതത്തിൽ സംസാരിക്കാനുള്ള ശേഷി കൈവരിക്കുന്നു.
- സാഹിത്യ ഗ്രന്ഥങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നു
- ആശയബന്ധിതമായി ചിത്രം വരയ്ക്കാൻ ശേഷി നേടുന്നു.
- സംസ്കൃത നാടകങ്ങൾ പരിചയപ്പെടാനുള്ള അവസരം ഉണ്ടാക്കുന്നു.
- അഭിനയശേഷി വളർത്തുന്നു.
- പ്രത്യേക വിഷയം തിരഞ്ഞെടുത്ത് സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കും
- യോഗയുടെ പ്രാധാന്യം സമൂഹത്തിന് മനസ്സിലാക്കുന്നു
- വിവിധ കാര്യപരിപാടി അവതരിപ്പിക്കാനുള്ള പരിശീലനം നേടും
- പഴയകാല ലേഖന സമ്പ്രദായങ്ങളെ പരിചയപ്പെടുത്തുന്നു.

## അക്കാദമിക പ്രവർത്തനങ്ങൾ

| കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| സരള സംസ്കൃതം | ലളിതമായ സംസ്കൃത പുസ്തകങ്ങൾ വായിക്കുന്നതിനുള്ള പരിശീലനം | ഹ്രസ്വ കാല പദ്ധതി | ലൈബ്രറി | |
| | സംസ്കൃത പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് അക്ഷരചാർട്ടുകളിലൂടെ അക്ഷരങ്ങൾ പരിചയപ്പെടുത്തുന്നു. | ഹ്രസ്വ കാല പദ്ധതി | കമ്പ്യൂട്ടർ ചാർട്ട് | സംസ്കൃത പണ്ഡിതന്മാർ |
| സംഭാഷണ ശിബിരങ്ങൾ (E - Learning) | 10 ദിവസം നീണ്ടുനിൽക്കുന്ന സംഭാഷണ ശിബിരങ്ങൾ സംഘടിപ്പിക്കുന്നു. | ഹ്രസ്വം | | |
| പുസ്തക പരിചായനം (E - Reading) | വിവിധ തരത്തിലുള്ള പുസ്തകങ്ങൾ - പഞ്ചതന്ത്രം, നാടകം, കവിത, കഥ തുടങ്ങിയ പുസ്തക പ്രദർശനം | ഹ്രസ്വം | ലൈബ്രറി, മൈബൈൽ, ടാബ് | |
| ചിത്രരചന | ആശയം നൽകി പാഠാനുബന്ധമായി ചിത്രം വരയ്ക്കുന്നു. ക്ലാസ്സടിസ്ഥാനത്തിൽ പതിപ്പുകൾ തയ്യാറാക്കി പ്രദർശനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു | ദീർഘകാലം | കമ്പ്യൂട്ടർ, ഇന്റർനെറ്റ് ചിത്ര രചനാ പുസ്തകങ്ങൾ | റിട്ട. ഡ്രോയിംഗ് ടീച്ചേഴ്സ് |

| | | | | |
|---|---|---|---|---|
| നാടകക്കളരി | സംസ്കൃതത്തിലെ വിവിധ നാടകങ്ങൾ പരിചയപ്പെടുത്തുന്നു. അഭിനയം, അവതരണം, സംവിധാനം മുതലായവ നടത്തുന്നു. | ദീർഘകാല പ്രവർത്തനം | | നാടകകൃത്തുക്കൾ, നാടക സംവിധായകർ, അഭിനേതാക്കൾ തുടങ്ങിയ വിദഗ്ദ്ധർ |
| സംസ്കൃത ഡോക്യുമെന്ററി നിർമ്മാണം (ICT സഹായത്തോടെ) | വിഷയ സംബന്ധമായ ഗവേഷണം, പുസ്തകശേഖരണം, സ്ക്രിപ്റ്റ് രചന, സംവിധാനം | ദീർഘകാല പ്രൊജക്റ്റ് | വാഹനം, ക്യാമറ, സ്റ്റുഡിയോ | |
| യോഗപരിശീലനം | പാഠഭാഗവുമായി ബന്ധപ്പെട്ടു യോഗ പരിശീലനം നൽകുന്നു<br>സെമിനാർ | ദീർഘകാല പ്രവർത്തനം | പൂർവ്വ വിദ്യാർത്ഥികൾ, PTA, അഭ്യുദയകാംക്ഷികൾ | BRC, യോഗാചാര്യന്മാർ |
| ദിനാചരണം | പ്രാധാന്യമുള്ള ദിവസങ്ങളുടെ പ്രത്യേകതകൾ അസംബ്ലി/ക്ലാസിൽ അവതരിപ്പിക്കുന്നു<br>സംസ്കൃതദിനം | ഹ്രസ്വം | | |

| | | | | |
|---|---|---|---|---|
| മാഗസിൻ പ്രദർശനം | വർഷാന്ത്യം കുട്ടികൾ കാലാനുസൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ള ഉത്പന്നങ്ങളുടെ പതിപ്പ് ക്രോഡീകരിച്ച് തയ്യാറാക്കുന്നു | ദീർഘകാല പ്രവർത്തനം | വിവിധ ബാങ്കുകളുടെ സഹായം | |
| സ്റ്റുഡിയോ ഫ്ളോർ (ടാലന്റ് ലാബ്) | സ്മാർട്ട് ക്ലാസ്സ് റൂം - സംസ്കൃത വാർത്താവായന, റ്റി. വി. പരിപാടികൾ കുട്ടികളെ പരിചയപ്പെടുത്തുന്നു | ദീർഘകാലം | IT മേഖലയിലെ സംസ്കൃത വിദഗ്ദ്ധർ, പ്രവാസികൾ | |
| താളിയോല പരിചായനം | വിവിധ താളിയോലകളുടെ പ്രദർശനം, വായന | ഹ്രസ്വകാലം | | പഴമക്കാരിൽ നിന്നും താളിയോലകൾ ശേഖരിക്കുന്നു |
| കാവ്യപരിചായനം<br>സംസ്കൃത ക്ലബ്ബ് പ്രവർത്തനം | കവിതകൾ പഠിക്കുന്നു<br>കവിതാ രചനാ പരിശീലനം<br>കവിതാ ആലാപന പരിശീലനം<br>കവിത അവതരണം<br>മത്സരങ്ങൾ | ദീർഘകാല പദ്ധതി<br>ICT സാദ്ധ്യതകൾ | PTA | സംസ്കൃത കവികൾ പൂർവ്വ വിദ്യാർത്ഥികളായ ഗായകർ |

## ഉപമേഖല - സോഷ്യൽ സയൻസ്

### ലക്ഷ്യങ്ങൾ

- സമൂഹത്തിന്റെ ഇത:പര്യന്തമുള്ള വികാസ പരിണാമങ്ങൾ അറിയുവാനും സമൂഹത്തെ മെച്ചപ്പെടുത്താനുമുള്ള കൂട്ടായ പരിശ്രമത്തിൽ തന്റെ പങ്ക് തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാനും കുട്ടികള പ്രാപ്തരാക്കുക
- സാമൂഹ്യമാറ്റങ്ങളിൽ പങ്കാളിയാകുന്നതിനോടൊപ്പം സമൂഹത്തെ മുന്നോട്ട് നയിക്കാൻ പ്രാപ്തിയുള്ള വ്യക്തിയാക്കുക
- സമൂഹമാറ്റത്തിനു വേണ്ടി പരിശ്രമിക്കുന്ന വ്യക്തികളെ പരിചയപ്പെടുക
- ജനാധിപത്യബോധം, മതനിരപേക്ഷ ചിന്ത, ദേശീയബോധം, സഹിഷ്ണുത, സഹകരണ മനോഭാവം, സംഘബോധം, പ്രതികരണശേഷി തുടങ്ങിയ മൂല്യങ്ങൾ വളർത്തുക
- പ്രകൃതി പ്രതിഭാസങ്ങൾ മനുഷ്യജീവിതത്തെ എങ്ങനെ ബാധിക്കുന്നു എന്ന് തിരിച്ചറിയുന്നതിനും മനുഷ്യന്റെ ഇടപെടലുകൾ പരിസ്ഥിതിയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുന്നു എന്നും മനസ്സിലാക്കുക.
- ജനത, രാഷ്ട്രം, ഭരണക്രമം തുടങ്ങിയവയെക്കുറിച്ചുള്ള പഠനം നടത്തുക, പൗരന്റെ അവകാശങ്ങളും കടമകളും ചർച്ച ചെയ്യുക.
- ഉത്പാദനം, വിതരണം, ഉപഭോഗം, സമ്പത്തിന്റെ വിതരണം എന്നിവ മനുഷ്യരെ സ്വാധീനിക്കുന്നത് എങ്ങനെ എന്ന് പഠിക്കുക.
- താനുൾപ്പെടുന്ന സമൂഹത്തിന്റെ പ്രശ്നങ്ങൾ വിമർശനാത്മകമായി വിലയിരുത്തി നിലപാടുകൾ സ്വീകരിച്ച് പ്രതിപ്രവർത്തനങ്ങളിൽ ഏർപ്പെടുക
- ശരിയായ സാമൂഹിക കാഴ്ചപ്പാടും പാരിസ്ഥിതിക അവബോധം വളർത്തുന്നതിനുതകുന്ന ധാരണകൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ, നൈപുണികൾ എന്നിവ വളർത്തുക.

# അക്കാദമിക പ്രവർത്തനങ്ങൾ

| കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| സെമിനാർ<br>നവോത്ഥാനം<br>കലകളിൽ<br>ചെലുത്തിയ<br>സ്വാധീനം | വിഷയം തിരഞ്ഞെടുക്കൽ<br>വിവരശേഖരണം<br>പ്രബന്ധം തയ്യാറാക്കൽ<br>അവതരണം<br>ചർച്ച<br>ക്രോഡീകരണം<br>റിപ്പോർട്ടിംഗ് | ഹ്രസ്വം | ലൈബ്രറി<br>ICT<br>സ്മാർട്ട്<br>ക്ലാസ്സ് റൂം | വിദഗ്ദ്ധ<br>സേവനം<br>BRC<br>Trainers |
| പ്രോജക്ട് | പ്രശ്നം തിരഞ്ഞെടുക്കൽ<br>പരികല്പന രൂപീകരിക്കൽ<br>വിവരശേഖരണം<br>ക്രോഡീകരണം<br>അപഗ്രഥനം<br>നിഗമനം രൂപീകരിക്കൽ<br>അവതരണം<br>റിപ്പോർട്ട് | ലൈബ്രറി<br>ICT | | |
| ഗ്രൂപ്പ് ചർച്ച | ഗ്രൂപ്പിൽ അവതരണം<br>ആശയങ്ങൾ പങ്കുവെയ്ക്കൽ<br>അഭിപ്രായം രൂപീകരിക്കൽ<br>ആശയങ്ങൾ പങ്കുവെയ്ക്കൽ<br>ഊഴം കാത്തു നിൽക്കൽ | ഹ്രസ്വം | ലൈബ്രറി<br>T. B.<br>H. B.<br>ICT | |

| | | | | |
|---|---|---|---|---|
| പ്രദർശനങ്ങൾ | 5, 6, 7 ക്ലാസ്സുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസ്സിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കൽ | | | |
| അഭിമുഖം | വിഷയം തിരഞ്ഞെടുക്കൽ അനുയോജ്യമായ വ്യക്തിയെ കണ്ടെത്തലും ക്ഷണിക്കലും ചോദ്യങ്ങൾ തയ്യാറാക്കൽ, സ്ഥലം സമയം നിശ്ചയിക്കൽ, അഭിമുഖ സമയത്ത് ക്ഷണിതാവിനെ പരിചയപ്പെടുത്തൽ, ചോദ്യങ്ങൾ ചോദിക്കൽ, ഉത്തരങ്ങൾ രേഖപ്പെടുത്തൽ, നന്ദിപ്രകാശനം അഭിമുഖശേഷം അഭിമുഖ റിപ്പോർട്ട് തയ്യാറാക്കൽ റിപ്പോർട്ട് അവതരണം | | | |
| ഫീൽഡ് ട്രിപ്പ് | പാഠഭാഗവുമായി ബന്ധപ്പെട്ട ചരിത്രപരമായ സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് നടത്തുന്നു | | | പ്രാദേശികമായിട്ടുള്ള ചരിത്രകാരന്മാർ |

| | | | | |
|---|---|---|---|---|
| ഡിജിറ്റൽ ആൽബം | ഓരോ ക്ലാസിലെയും യൂണിറ്റ് തീർന്ന ശേഷം ആ പാഠഭാഗവുമായി ബന്ധപ്പെട്ടുള്ള കണ്ടെത്തലുകൾ, ഇന്റർനെറ്റിന്റെ സഹായത്തോടെ ആൽബം തയ്യാറാക്കുന്നു | | കമ്പ്യൂട്ടർ, ഇന്റർനെറ്റ് | |
| സ്കിറ്റ്/നാടകങ്ങൾ | വാഗൺ ട്രാജഡി പോലുള്ള സംഭവങ്ങൾ സ്കിറ്റുകളാക്കി അവതരിപ്പിക്കുന്നു. | മധ്യകാല പ്രവർത്തനം | പൂർവ്വ വിദ്യാർത്ഥികൾ | |
| ക്വിസ് മത്സരങ്ങൾ | സാമൂഹ്യശാസ്ത്രം, ദിനാചരണങ്ങൾ, ചരിത്രസംഭവങ്ങൾ മുതലായവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരങ്ങൾ നടത്തി സമ്മാനങ്ങൾ നൽകുന്നു | | | |
| വളരുന്ന ഭൂപടം | വ്യത്യസ്ത ഭൂപടങ്ങളിലൂടെ ലോകരാഷ്ട്രങ്ങളുടെ സ്ഥാനനിർണ്ണയം, സമയ നിർണ്ണയം മുതലായവ കണ്ടെത്തുന്നു. | | | |

## ഉപമേഖല - അടിസ്ഥാന ശാസ്ത്രം

### ലക്ഷ്യങ്ങൾ

- കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക
- നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുക
- പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക.
- ശാസ്ത്രത്തിന്റെ ദുരുപയോഗം തടയുക
- ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുക
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക
- പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർവ്വമാക്കുക
- പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക
- ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക
- വ്യക്തിശുചിത്വവും സാമൂഹ്യ ശുചിത്വും പാലിച്ചുകൊണ്ട് ശാരീരിക - മാനസിക - സാമൂഹിക ആരോഗ്യം കൈവരിക്കാൻ കഴിയുക
- മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രാവബോധം വളർത്തുക
- ശാസ്ത്രത്തിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക
- ശാസ്ത്രനേട്ടങ്ങൾ സമൂഹനന്മക്കായി പ്രയോജനപ്പെടുത്തുക
- ശാസ്ത്രത്തിനു വേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക

# അക്കാദമിക പ്രവർത്തനങ്ങൾ

| കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| നിരീക്ഷണം | വിവിധ ക്ലാസുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട നിരീക്ഷണ പ്രവർത്തനങ്ങൾ | ഹ്രസ്വം | സയൻസ് ടീച്ചർ | |
| പ്രദർശനങ്ങൾ | 5, 6, 7 ക്ലാസ്സുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസ്സിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കൽ | ഹ്രസ്വം | PTA സയൻസ് ടീച്ചർ | |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | ദിനാചരണങ്ങൾ, പ്രത്യേക വിഷയങ്ങളിലുള്ള വിദഗ്ദ്ധ ക്ലാസ്സുകൾ, സെമിനാറുകൾ മുതലായവ സംഘടിപ്പിക്കുന്നു. | ഹ്രസ്വം | HM PTA സയൻസ് ടീച്ചർ | ശാസ്ത്ര പ്രതിഭകൾ, പൂർവ്വ വിദ്യാർത്ഥികൾ |
| ശാസ്ത്ര ലൈബ്രറി | ശാസ്ത്ര വിജ്ഞാന മേഖലയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ, ശാസ്ത്ര സംബന്ധമായ സിഡികൾ, ശാസ്ത്ര മാസികകൾ, പാഠഭാഗവുമായി ബന്ധപ്പെട്ട അധിക വായനാ സാമഗ്രികൾ എന്നിവ ഉൾപ്പെടുത്തി ലൈബ്രറി ശാക്തീകരണം | ദീർഘം | SSA, PTA പഞ്ചായത്ത്, സയൻസ് ടീച്ചർ PTA പൂർവ്വ വിദ്യാർത്ഥികൾ, സന്നദ്ധരായ പുസ്തക പ്രേമികൾ | |

| | | | | |
|---|---|---|---|---|
| ജൈവ വൈവിദ്ധ്യ ഉദ്യാനം | ആവാസ വ്യവസ്ഥ ജൈവകൃഷി, പച്ചക്കറി കൃഷി, ഔഷധോദ്യാനം, പാഴ് വസ്തുക്കൾ ഉപയോഗിച്ച് ഹാങ്ങിങ്ങ്, ഗാർഡൻ, പൂന്തോട്ടം മുതലായവ ഉൾപ്പെടുത്തി ജൈവ വൈവിദ്ധ്യ പാർക്ക് നിർമ്മിക്കുന്നു. | ദീർഘ കാലം | സയൻസ് ടീച്ചർ PTA കർഷകർ | PTA |
| പതിപ്പു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട പതിപ്പുകൾ നിർമ്മിച്ച് ശാസ്ത്ര കോൺഗ്രസ്സിൽ അവതരിപ്പിക്കുന്നു. | | | |
| ക്വിസ് മത്സരങ്ങൾ | പാഠഭാഗങ്ങൾ, ദിനാചരണങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി മാസം തോറും ക്വിസ് മത്സരങ്ങൾ നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നു. | | | |
| ശാസ്ത്ര വിസ്മയച്ചുമർ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് കുട്ടികളുടെ ശേഖരണങ്ങളും കണ്ടെത്തലുകളിലും ചുമർ പത്രികാരൂപത്തിൽ കുട്ടികൾ തയ്യാറാക്കുന്നു | | | |

| | | | | |
|---|---|---|---|---|
| ടാലന്റ് ലാബ് | പ്രതിഭാശാലികളായ ശാസ്ത്ര വിദ്യാർത്ഥികൾക്കായി ഗവേഷണ താൽപര്യം ജനിപ്പിക്കുന്ന പ്രവർത്തനങ്ങൾ കണ്ടെത്തുന്നു. മൊബൈൽ ഉപയോഗിച്ച് കുട്ടികളെ കേൾപ്പിക്കുന്നു. | മധ്യ കാലം | പൂർവ്വ വിദ്യാർത്ഥികൾ സയൻസ് ടീച്ചർ | റിട്ട. അദ്ധ്യാപകർ |

## ഉപമേഖല - ഗണിതം

### ലക്ഷ്യങ്ങൾ

- ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുന്നതിന് സഹായകമാകണം.
- കുട്ടിയുടെ യുക്തിചിന്ത വികസിപ്പിക്കുന്നതിന് ഉപയുക്തമാകണം
- ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും കഴിവുകളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ മറികടക്കാൻ പിന്തുണ നൽകുക
- ഗണിത പഠനശേഷി വികസിപ്പിക്കുക
- ഗണിതപഠനത്തെ സാമൂഹിക വളർച്ചക്ക് പ്രയോജനപ്പെടുത്തുവാനുള്ള മനോഭാവം വളർത്തുക
- വസ്തുതകളെ ഗണിതാശയങ്ങൾ ഉപയോഗപ്പെടുത്തി അപഗ്രഥിക്കുവാനും വ്യാഖ്യാനിക്കുവാനുമുള്ള കഴിവ്
- ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടികളെ വളർത്തുവാൻ കഴിയണം
- ബന്ധങ്ങൾ മനസിലാക്കുന്നതിനും കാര്യകാരണ സഹിതം വിശദീകരിക്കുന്നതിനുമുള്ള കഴിവ് നേടണം
- കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പ്രാപ്തമാക്കുക.
- ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിനും ഗണിതഭാഷ ഉപയോഗിക്കുന്നതിനും കഴിയുക
- ഗണിതപഠനത്തിൽ ഐ. സി. ടി. സാദ്ധ്യതകൾ ഉപയോഗിക്കാൻ കഴിയുന്നതാക്കുക.

## അക്കാദമിക പ്രവർത്തനങ്ങൾ

| കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഗണിതം - വിജയം ദൈനംദിന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കാവുന്ന ഗണിത ശേഷികൾ നേടുന്നതിനും കഴിവ് വളർത്തുക | ശാസ്ത്രക്ലബ്ബ് നടത്തുന്ന നാടൻ ഭക്ഷ്യമേളയുടെ വിൽപ്പന ചുമതല (ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു) വിലവിവര പട്ടിക പ്രദർശനം എന്റെ കട | ഹ്രസ്വ കാലം | രൂപയുടെ ക്രയവിക്രയം | എസ്. ആർ. ജി. എസ്. എം. സി. ഗണിത ക്ലബ്ബ് |
| ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിത ഭാഷ ഉപയോഗിക്കുവാൻ കുട്ടിക്ക് കഴിവുണ്ടാക്കുക. | ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ Place Value ചാർട്ട് ഗണിത പസിലുകൾ പരിചയപ്പെടുത്തുന്നതിന് ശിൽപശാല സംഘടിപ്പിക്കുന്നു ഗണിതകഥ ഗണിതപാട്ട് | 6 മാസം | മുൻകാല ഗണിത അദ്ധ്യാപകരുടെ സേവനം | എസ്. ആർ. ജി. എസ്. എം. സി. ഗണിത ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| ചിത്ര പാറ്റേണുകൾ, ടാൻഗ്രാം എന്നിവയിലൂടെ ജ്യാമിതീയ ലോകത്തെത്തിക്കൽ | ICT ചിത്ര പാറ്റേണുകൾ ഉപയോഗിച്ച് ജ്യാമിതീയ പ്രവർത്തനങ്ങൾ നടത്തുന്നു. പ്രകൃതിയിലെ ജ്യാമിതീയ രൂപങ്ങൾ കണ്ടെത്തുന്നു (സ്കൂൾ കെട്ടിടത്തിന്റെ, മരങ്ങൾ, ഇലകൾ, ചുമർ ചിത്രങ്ങൾ, കിണർ, മരങ്ങൾ – സിലിണ്ടർ, വൃത്തം, ചുറ്റളവ്) | 3 മാസം | വിസ്മയ ച്ചുമർ ഹെഡ്മാസ്റ്റർ എസ്. ആർ. ജി. കൺവീനർ ക്ലാസ്സ് ടീച്ചർ | എസ്. ആർ. ജി. എസ്. എം. സി. ഗണിത ക്ലബ്ബ് ക്ലാസ്സ് സംഘടിപ്പിക്കുക |
| ഗണിതത്തിന്റെ ആവശ്യകത, ഗണിത പാഠത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക | സെമിനാർ സംഘടിപ്പിക്കുക ഗണിതചരിത്രത്തിന്റെ ചരിത്രവും പ്രാധാന്യവും. ഗണിതശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രം കുട്ടികളുമായി പങ്കു വയ്ക്കുക. | | | |
| ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ | അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുന്നു ചോദ്യാവലി ഉണ്ടാക്കുന്നു SRG യിൽ അവതരണം സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ, കുട്ടികൾ മുൻ ക്ലാസ്സുകളിൽ നേടേണ്ട ശേഷികൾ കണക്കിലെടുത്തു | ഹ്രസ്വം | | |

| | | | | |
|---|---|---|---|---|
| | കൊണ്ട് പരിഹരിക്കാൻ ഉത കുന്ന തരത്തിലുള്ള പ്രവർ ത്തനങ്ങൾ വ്യക്തിഗതമായും ഗ്രൂപ്പായും നൽകുന്നു. വർക്ക്ഷീറ്റുകൾ നൽകുന്നു രക്ഷിതാക്കൾക്ക് ക്ലാസ്സുകൾ നൽകുന്നു | | | |
| ഗണിത ക്ലബ്ബ് രൂപീകരണം | ഓരോ ക്ലാസ്സിലെയും 1/4 ഭാഗം കുട്ടികൾ ഗണിത ക്ലബ്ബിൽ അംഗങ്ങളായി രിക്കും ക്ലബ്ബിലെ മുഴുവൻ കുട്ടിക ളെയും ഉൾപ്പെടുത്തി ക്കൊണ്ട് ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും പരിപാ ടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. പഠനോപക രണങ്ങൾ ആവശ്യമായ കണ്ടെത്തുന്നു ക്ലാസ്സുകൾ സംഘടിപ്പിക്കു ന്നു. പ്രവർത്തനങ്ങൾ വിനിമയം ചെയ്യുന്നു. | 1 വർഷം | HM<br>SRG<br>MPTA<br>PTA | ബുള്ളറ്റ് ബോർഡ്<br>ബുക്ക്സ്<br>അസംബ്ലി<br>ചുവർ പത്രിക<br>ഗണിതകിറ്റ് |



2018-19 - [illegible]
[illegible]

| | | | | |
|---|---|---|---|---|
| ഗണിത മാഗസിൻ | ഗണിതാശയങ്ങൾ, പ്രശ്നങ്ങൾ, പാറ്റേണുകൾ, ചരിത്രങ്ങൾ, ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ, ആനുകാലിക സംഭവങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും മാഗസിൻ തയ്യാറാക്കി ഉപജില്ലാ, ജില്ലാ മത്സരത്തിനു വേണ്ടി സമർപ്പിക്കുന്നു. | | ഗണിത ക്ലബ്ബ് അംഗങ്ങൾ | എ - 4 ഷീറ്റ്സ് ബുക്ക്സ് ബുക്ക് ബൈന്റിംഗ് അഭിമുഖം |
| ഗണിത പ്രൊജക്റ്റ് | ഗണിതക്ലബ്ബിലെ കുട്ടികൾ അന്വേഷണാത്മകമായി അനുയോജ്യമായ പ്രൊജക്റ്റുകൾ കണ്ടെത്തുന്നു മികച്ചവ ഡയറിയായി സൂക്ഷിക്കുന്നു. വീടുകളിലെ വരവ് ചിലവ് കണക്കാക്കൽ, കാൽപാദത്തിന്റെ നീളവും കൈമുട്ടു മുതൽ കൈത്തണ്ട് വരെയുള്ള നീളവും തമ്മിലുള്ള എന്തെങ്കിലും ബന്ധം ഉണ്ടോ | | | |

| | | | | |
|---|---|---|---|---|
| ഷോപ്പ് ലിസ്റ്റ് | വിദ്യാർത്ഥികൾക്കാവശ്യമായ പേന, പെൻസിൽ, റബ്ബർ, നോട്ടുബുക്ക്, കളർ തുടങ്ങിയ സാധനങ്ങളുടെ ലിസ്റ്റ് പ്രദർശിപ്പിക്കുക | | | |
| ഉത്തരപ്പെട്ടി | ഗണിതപ്രശ്നങ്ങൾ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരം കണ്ടെത്തി പെട്ടിയിൽ നിക്ഷേപിക്കുന്നു. സമയം അനുവദിക്കാം. വിജയികളെ കണ്ടെത്തി പ്രഖ്യാപിക്കൽ. ഉത്തരം വിശകലനം ചെയ്ത് അവതരിപ്പിക്കൽ. | | | |
| ഗണിതക്വിസ് | മാസത്തിലൊരിക്കൽ ഗണിതവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം പ്രതിഭകൾക്കായുള്ള, ക്ലാസിലും തുടർന്ന് സ്കൂൾ തലത്തിലും നടത്തുന്നു. | | | |
| ഗണിതലാബ് | വിദ്യാലയത്തിൽ പൊതുവേ ഗണിതവുമായി ബന്ധപ്പെട്ട രസകരവും, ലളിതവുമായ പ്രൊജക്ടുകൾ സ്വയം ചെയ്യാനുള്ള പ്രവർത്തന | | | |

| | | | | |
|---|---|---|---|---|
| | ങ്ങൾ രസകരമായും ലളിതമായും നൽകുക. ഗണിത റഫറൻസ് ബുക്കുകൾ, വർഡക്കിംഗ് മോഡൽ, ചുമർ ഗണിത ചിത്രങ്ങൾ, മെട്രിക് ഉപകരണങ്ങൾ, അബാക്കസ് ജ്യാമിതീയ രൂപങ്ങൾ എന്നിവ അതാതു ക്ലാസ്സുകൾക്ക് അനുയോജ്യമായത് തിട്ടപ്പെടുത്തുക. ടാൻഗ്രാം നിർമ്മിക്കുക | | | |
| മാത്സ് ബ്ലോഗ് | കുട്ടികളുടെ സൃഷ്ടികൾ ബ്ലോഗിൽ കയറ്റുന്നു. | | | |
| ലിറ്റിൽ മാസ്റ്റർ | ഗണിതശാസ്ത്രത്തിൽ മികച്ച 5 കുട്ടികളെ കണ്ടെത്തി അവരെ വർഷാവസാനം ലിറ്റിൽ മാസ്റ്റർ ഓഫ് മാത്സ് ആയി തിരഞ്ഞെടുക്കുന്നു. വാർഷിക പരിപാടിയിൽ വെച്ച് സമ്മാനം നൽകി ആദരിക്കുന്നു. | | | |
| ഗണിതശാസ്ത്ര കോൺഫറൻസ് | സ്കൂളിൽ ഗണിത ശാസ്ത്രവുമായി നടത്തിയ പ്രവർത്തനങ്ങൾ ചർച്ച | | | |

| | | | | |
|---|---|---|---|---|
| | ചെയ്യുന്നു. പോരായ്മകൾ കണ്ടെത്തുന്നു. വിലയിരുത്തുന്നു. നല്ലതിനെ പ്രോത്സാഹിപ്പിക്കുന്നു, അംഗീകരിക്കുന്നു. അടുത്ത വർഷത്തേക്കുള്ള പ്രവർത്തനങ്ങൾ അംഗീകരിക്കുന്നു. | | | |

## ഉപമേഖല - കലാ, കായിക, ആരോഗ്യ, പ്രവൃത്തിപരിചയം

### ലക്ഷ്യങ്ങൾ

- ➢ വിദ്യാലയത്തിൽ എത്തുന്ന എല്ലാ കുട്ടികളെയും കലാ, കായിക, പ്രവൃത്തി പരിചയ മേഖലകളിൽ കഴിവുള്ളവരാക്കിത്തീർക്കും.
- ➢ കലാ, കായിക, പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിന് ഹൈടെക് സാദ്ധ്യത പ്രയോജനപ്പെടുത്തും.
- ➢ ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടികളുടെ സമഗ്രമായ വികാസം ഉറപ്പാക്കുന്നു. സർഗ്ഗപരവും കലാപരവുമായ കഴിവുകൾ കണ്ടെത്താനും വികസിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും അവസരമൊരുക്കും.
- ➢ ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കളികൾക്കും വ്യായാമത്തിനും പ്രാധാന്യം നൽകുന്നു
- ➢ ടാലന്റ് ലാബ് എന്ന ആശയം സാക്ഷാത്കരിക്കും

## പ്രവർത്തനങ്ങൾ

- കലാക്യാമ്പുകൾ സംഘടിപ്പിക്കും (ടേമിൽ ഒന്ന്)
- കരകൗശല നിർമ്മാണ ശില്പശാല, പ്രദർശനം സംഘടിപ്പിക്കൽ (വർഷത്തിൽ ഒന്ന്)
- സ്കൂൾ തലത്തിൽ പ്രവൃത്തിപരിചയ ശില്പശാല
- എസ്. എം. സിയുടെ സഹകരണത്തോടെ കായികമത്സരങ്ങൾ, നാടൻ കളി പരിശീലനം എന്നിവ ഓണക്കാലത്ത് സംഘടിപ്പിക്കൽ (വർഷത്തിൽ ഒന്ന്)
- നാടൻപാട്ട് പരിശീലനം (വർഷത്തിൽ ഒന്ന്)
- വാദ്യോപകരണ പരിശീലനം (പ്രതിമാസം)
- കോർണർ പി. റ്റി. എയിൽ കുട്ടികളുടെ കലാസന്ധ്യ
- അസംബ്ലിയിൽ കലാപരിപാടി അവതരിപ്പിക്കൽ, എല്ലാ കുട്ടികൾക്കും അവസരം ഒരുക്കൽ
- കായിക പരിശീലനം എല്ലാ ക്ലാസുകാർക്കും എല്ലാ ആഴ്ചയിലും
- പാഠഭാഗവുമായി ബന്ധിപ്പിച്ച് നാടകം, സംഗീതശില്പം, ചിത്രീകരണം, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയുടെ സാധ്യതാ ലിസ്റ്റ് ചെയ്ത് നടപ്പിലാക്കൽ
- CWSN വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിഷയാടിസ്ഥാനത്തിലും കലാകായിക മേഖലയിലും BRC പരിശീലകരുടെയും മറ്റു വിദഗ്ദ്ധരുടെയും സഹായ സഹകരണത്തോടു കൂടി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിൽ വരുത്തും.

## പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായുള്ള പരിശീലന പരിപാടി

- ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഉപയോഗിച്ച് സ്പീച്ച് തെറാപ്പി നടത്തുന്നു
- വീഡിയോ കാണിച്ച് കഥ പറയിക്കുന്നു
- കുട്ടികളുടെ സവിശേഷ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു.